ഭരണഭാഷ-മാതൃഭാഷ

പൊതുവിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം
Phone No: 0471-2325868
E-mail:dhsefinc5@gmail.com

നം.ഫിൻ.സി 5/158017/2019/എച്ച്.എസ്.ഇ. തീയതി : 27/12/2022.

# സർക്കുലർ

വിഷയം : പൊ. വി. വ.- ഹ.സെ.വിഭാഗം- ഫിനാൻസ് - ഹഡ്കോയുടെ ധനസഹായത്തോടെ ഹയർ സെക്കന്ററി സ്കൂളുകളിൽ- സ്ഥാപിച്ചിട്ടുള്ള സാനിട്ടറി നാപ്കിൻ -വെന്റിംഗ് - ഡിസ്പോസബിൾ - മെഷീനുകളുടെ പ്രവർത്തനം - നിർദ്ദേശങ്ങൾ-സംബന്ധിച്ച്.

സൂചന : ഹഡ്കോയുടെ പരിശോധനാ റിപ്പേർട്ട്

ഹഡ്കോയുടെ കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി (CSR) ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ 150 ഹയർ സെക്കന്ററി സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ വെന്റിംഗ്, ഡിസ്പോസബിൾ മെഷിനുകൾ സ്ഥാപിക്കുന്നതിന് റെയ്ഡ്കോയ്ക്ക് അനുമതി നൽകിയിരുന്നു. ആയത് പ്രകാരം മെഷീനുകൾ സ്ഥാപിച്ചു കഴിഞ്ഞതായി റെയ്ഡ്കോ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാനിറ്ററി നാപ്കിൻ വെന്റിംഗ്, ഡിസ്പോസബിൾ മെഷീനുകളുടെ സുഗമമായ പ്രവർത്തനവും പരിപാലനവും ഉറപ്പ് വരുത്തുന്നതിലേക്ക് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സാനിറ്ററി നാപ്കിൻ വെന്റിംഗ്, ഡിസ്പോസബിൾ മെഷിനുകളുടെ സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിന് 7025633633 എന്ന കസ്റ്റമർ കെയർ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.തകരാറുകൾ യഥാസമയം പരിഹരിക്കുന്നുണ്ടെന്ന് പ്രിൻസിപ്പാൾ ഉറപ്പ് വരുത്തേണ്ടതാണ്.
2. പി.ടി.എ ഫണ്ട്/ മറ്റു സ്രോതസ്സുകൾ (സ്പോൺസർഷിപ്പ് ഉൾപ്പെടെ)എന്നിവയിൽ ഉൾപ്പെടുത്തി സാനിറ്ററി നാപ്കിൻ വെന്റിംഗ്, ഡിസ്പോസബിൾമെഷീനുകൾ കൃത്യമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. മെഷീനുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിലേക്ക് അധ്യാപികമാരുടേയും, വിദ്യാർത്ഥികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപികരിക്കേണ്ടതാണ്.
4. ഉപയോഗിച്ച് കഴിഞ്ഞ സാനിറ്ററി പാഡുകൾ പതിവായി നിർമ്മാജ്ജനം ചെയ്യുന്നതിലേക്ക് ബന്ധപ്പെട്ട ഓരോ സ്കൂളിലും ഒരു മോണിറ്ററിംഗ് സ്റ്റാഫിനെ ചുമതലപ്പെടുത്തേണ്ടതാണ്.
5. സാനിറ്ററി നാപ്കിൻ വെന്റിംഗ്, ഡിസ്പോസബിൾ മെഷീനുകളുടെ ഉപയോഗവും പരിപാലനവും സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് ശരിയായ ബോധവത്കരണം നല്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ്.
6. ടി മെഷീനുകൾ ശരിയായ രീതിയിൽ സുഗമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം പ്രിൻസിപ്പാളിനാണ്. പരിശോധനാ വേളയിൽ എന്തെങ്കിലും വീഴ്ചകൾ കണ്ടെത്തുന്ന പക്ഷം ആയത് പ്രിൻസിപ്പാളിന്റെ വീഴ്ചയായി കണക്കാക്കി നടപടികൾ സ്വീകരിക്കുന്നതാണ്.

മേൽ പ്രകാരം നിർദ്ദേശങ്ങൾ ബന്ധപ്പെട്ട 150 സ്കുളുകളും കർശനമായി പാലിക്കേണ്ടതാണ്.

സീനിയർ ഫിനാൻസ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:
1. സി.എസ്.ആർ ഫണ്ട് മുഖാന്തിരം സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ള കേരളത്തിലെ 150 ഹയർ സെക്കന്ററി സ്കുൾ പ്രിൻസിപ്പാൾമാർക്കും
2. മുഴുവൻ ആർ.ഡി.ഡി-മാർക്കും
3. റിജണൽ ചീഫ്-ഹഡ്കോ- തിരുവനന്തപുരം
4. കരുതൻ ഫയൽ/അധികം